പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 391 06.03.2012 ൽ മറുപടിയ്ക്ക്

പെരുന്തേനരുവി ജലവൈദ്യുത പദ്ധതി നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.രാജു എബ്രഹാം | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) പെരുന്തേനരുവി ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണം ഇപ്പോൾ ഏതു ഘട്ടത്തിലാണ്; എന്നാണ് ഇതിന്റെ നിർമ്മാണം ആരംഭിച്ചത് ; എത്ര രൂപയാണ് അടങ്കൽ തുക ; | (എ) പെരുന്തേനരുവി ജലവൈദ്യുത പദ്ധതിയുടെ സിവിൽ ജോലികളുടെ കരാർ 22.02.2011 ലും ഇലക്ട്രോ മെക്കാനിക്കൽ ജോലികളുടെ കരാർ 22.08.2011 ലും ഒപ്പു വച്ചു. പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ 28.08.2011 ൽ ഉദ്ഘാടനം ചെയ്യുകയും പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു. പദ്ധതി പ്രദേശത്തെ വനഭൂമിയിലെ മരങ്ങൾ മുറിച്ചു മാറ്റി പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ 02.03.2012 ൽ ആരംഭിച്ചിട്ടുണ്ട്.<br>സിവിൽ ജോലിയുടെ അടങ്കൽ തുക 34,83,78,095/- രൂപയും ഇലക്ട്രോ മെക്കാനിക്കൽ ജോലിയുടെ അടങ്കൽ തുക 13,33,84,973/- രൂപയും ആകുന്നു. |
| (ബി) പ്രസ്തുത പദ്ധതിയുടെ നിർമ്മാണം എന്നത്തേക്ക് പൂർത്തിയാക്കാനാണ് കരാർ ; | (ബി) കരാർ അനുസരിച്ച് 2014 മാർച്ച് മാസത്തിൽ നിർമ്മാണം പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |
| (സി) എത്ര മെഗാവാട്ട് വൈദ്യുതിയാണ് പദ്ധതിയിൽ നിന്നും ഉല്പാദിപ്പിക്കാൻ ഉദ്ദേശിക്കുന്നത് ; | (സി) പ്രതിവർഷം 25.77 ദശലക്ഷം യൂണിറ്റ് വൈദ്യുതിയാണ് പദ്ധതിയിൽ നിന്നും ഉല്പാദിപ്പിക്കാൻ ലക്ഷ്യമിട്ടിരിക്കുന്നത്. |
| (ഡി) മഴക്കാലമെത്തുന്നതിനുമുമ്പ് പരമാവധി നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ; | (ഡി) പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. പദ്ധതിയുടെ തടയണ, പവർ ചാനൽ, ഫോർബേ ടാങ്ക്, പവർ ഹൗസ് ഇവയുടെ പരമാവധി |

(…..........2)

എക്സ്കവേഷൻ ജോലികൾ മഴക്കാലത്തിന് മുമ്പായി പൂർത്തീകരിക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(ഇ) നിർമ്മാണം, കരാർ കാലാവധിക്കുള്ളിൽത്തന്നെ പൂർത്തീകരിക്കുന്നതിനായി, ഓരോ മാസവും പൂർത്തീകരിക്കേണ്ട പ്രവൃത്തികൾ സംബന്ധിച്ച വർക്ക് ഷെഡ്യൂൾ തയ്യാറാക്കി, അതിന്റെയടിസ്ഥാനത്തിൽ പ്രവൃത്തികൾ നടപ്പാക്കുന്നതിന് എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ?

(ഇ) പദ്ധതിയുടെ നിർമ്മാണം കരാർ കാലാവധിയ്ക്കുള്ളിൽ തന്നെ പൂർത്തീകരിക്കുന്നതിനായി വിശദമായ കൺസ്ട്രക്ഷൻ പ്രോഗ്രാം തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ പദ്ധതിയുടെ നിർമ്മാണ പുരോഗതി വിവിധ തലങ്ങളിൽ അവലോകനം ചെയ്യുന്നതാണ്. ഇതിനു പുറമെ പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തുന്നതിനും പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുമായി ഒരു പ്രോജക്ട് മോണിറ്ററിംഗ് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ